(ഡി) നിലവിൽ ഇന്റർനെറ്റിന്റെ സഹായത്തോടെ 'IDEAS' സോഫ്റ്റ്വെയർ വഴി പൊതുജനങ്ങൾക്ക് ട്രാക്കിംഗ് നടത്താവുന്നതാണ്. കൂടാതെ സെക്രട്ടേറിയറ്റിലെ സന്ദർശക സഹായ കേന്ദ്രങ്ങളിൽ Touch Screen Kiosk-കൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴിയും പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാകുന്നതാണ്.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഒഴിവുകൾ

93 (1960) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൽനിന്നും 2014 ഒക്ടോബർ മാസം വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള എത്ര ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(ബി) ഇതിൽ ഏതൊക്കെ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ എത്ര അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റം വഴി എത്ര പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട് ;

(ഇ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ 2015 മേയ് വരെയുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെ 20 പേർ വിരമിച്ചിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ എല്ലാ തസ്തികകളിലും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ 19 അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റംവഴി 13 പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. (ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ)

(ഇ) 2015 മേയ് വരെ 63 റിട്ടയർമെന്റ് ഒഴിവുണ്ട്. ഇതിൽ ആശ്രിതനിയമനം/ ബൈട്രാൻസ്ഫർ/സ്പോർസ് ക്വാട്ട തുടങ്ങിയ നിയമനങ്ങൾക്കായുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നീക്കിവച്ച് ബാക്കിയുള്ള ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly